97. Mr. P. T. Jacob *(Latin Christian—Mattancheri):* Will Government be pleased to state how many meetings of the Town Improvement Committee have been held since its constitution?

Mr. V. K. Aravindakasha Menon *(Chief Engineer):* A meeting was held in the Mattancheri Municipal Hall on 3rd May 1944 when the various aspects of the Town Improvement were discussed and the Chief Engineer was asked to draw plans and draft a report on the subject. The entire town was surveyed and a complete plan has been prepared for the Town improvement of Mattancheri. This was discussed in the meeting of the Committee held on 30th July 1945.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: പച്ചക്കറി മാക്കറിന്റെ പടിഞ്ഞാറുവശത്തുള്ള ചളി പ്രദേശങ്ങൾ ശരിപ്പെടുത്തുവാൻവേണ്ടി ഈ മീറ്റിങ്ങിൽ എന്തെങ്കിലും ഗവണ്മെണ്ട് തീരുമാനിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: പച്ചക്കറി മാക്കറ് എന്നു പറഞ്ഞതു് ഇരവേലി എന്ന പ്രദേശത്തുള്ളതല്ലേ?

മിസ്റ്റർ പി ടി. ജേക്കബ്ബ്: അതേ.

Mr. V. K. Aravindaksha Menon *(Chief Engineer):* Well I have, in the proposals submitted to this committee, made it clear to acquire that area and to raise that area and after laying roads dispose of the remaining area and improve that area.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: കുവപ്പാടം പാക്കിനെ സംബന്ധിച്ചു ഇതിൽ വല്ലതും തീരുമാനിച്ചിട്ടുണ്ടോ?

Mr. V. K. Aravindaksha Menon *(Chief Engineer):* I must say that these are only the proposals which I have made but these have not been approved by the committee. With regard to Kuvappadam my proposal was to acquire that area and reclaim that area and broad canals put in there and to reserve that area for the construction of factories and godowns.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: ടൌൺ ഇപ്രൂവ്മെൻറ് പണികൾ ഇപ്പോൾ തുടങ്ങുമോ? അതോ പോസ്റ്റ്വാറിന്റെ സന്ദർത്തിലേക്കു നീട്ടുമോ?

Mr. V. K. Aravindaksha Menon *(Chief Engineer):* The proposals suggested involve very large expenditure and the means I have got to be formed to raise money to do these works and that question is under consideration.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: ഇപ്പോൾ അതു കടലാസ്സിൽ മാത്രമേയുള്ളൂ?

Mr. V. K. Aravindaksha Menon *(Chief Engineer):* It does not follow that.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അഞ്ചാറു കൊല്ലമായി പാക്ക് സ്കീം എടുപ്പിട്ടുത്തി, കൃഷികളൊന്നും നടത്താതെയിട്ടുവാനായി കല്പന പുറപ്പെടുവിച്ചിട്ടുള്ളതിനാൽ വളരെ കഷ്ടപ്പെടുന്നുണ്ടെന്നറിയാമോ?

Mr. V. K. Aravindaksha Menon *(Chief Engineer):* Government have no information on this subject.

THIRUVANKULAM—TRIPPUNITHURA CANAL

ൻവ. മിസ്റ്റർ പി. മാണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ദയവായി ഗവർമെണ്ടിൽ നിന്നും മറുപടി പറയുമോ.—

(എ) തിരുവാങ്കുളം കിഴക്കുഭാഗത്തുനിന്നും ഒരു തോട് തൃപ്പൂണിത്തുറ പടിഞ്ഞാറുവശത്തുള്ള പുഴയിലേക്ക് മുറിച്ചു് നെൽകൃഷിക്കും ഗതാഗതത്തിനും കൂടുതൽ സൌകര്യപ്രദമാക്കുന്നതിനെപ്പറ്റി ആലോചിപ്പാൻ ഗവർമെണ്ടിൽനിന്നും നിശ്ചയിച്ചിട്ടുള്ള കമ്മിറ്റി ഇതേ വരെ എന്തെല്ലാം നടവടികളെടുത്തു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷ മേനോൻ:

(എ) കമ്മിറ്റി ഈ സംഗതിയെപ്പറ്റി ഒരു റിപ്പോർട്ട് ഗവർമെണ്ടിനു് സമർപ്പിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ നിർദ്ദേശങ്ങളെ ഗവർമെണ്ടു് പരിശോധിച്ചുവരുന്നു.

മിസ്റ്റർ പി മാണി: കമ്മറ്റി അന്വേഷിച്ചു് ഇതു വേണമെന്നു അവശ്യപ്പെട്ടതായി ഗവണ്മെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ജനറലായിട്ട് ഇതു് ആവശ്യമുള്ള ഒരു കനാലാണെന്നാണ് കമ്മറിയുടെ റിപ്പോർട്ട്.

മിസ്റ്റർ പി. മാണി: ഇതു് പോസ്റ്റവാറിൽ പെടുത്തുവാനാണൊ ഗവമ്മെണ്ടുദ്ദേശിക്കുന്നതു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതെ. ഇതു പോസ്റ്റവാറിൽ പെടുത്തുവാനാണ് നിശ്ചയിച്ചിരിക്കുന്നതു്.

THOTTRA PUNCHA

൯൯. മിസ്റ്റർ പി. മാണി: താഴെപറയുന്ന ചോദ്യങ്ങൾക്കു് ദയവായി ഗവർമെണ്ടിൽനിന്നു മറുപടി പറയുമോ.—

(എ) തോട്ടറ പുഞ്ചയിൽ നിന്നും ഒരു തോടു മുറിച്ചു അവിടത്തെ നെൽകൃഷിയെ കൂടുതൽ ആദായകരമാക്കുന്നതിനെ പറ്റി ആലോചിച്ചു വേണ്ടതു പ്രവർത്തിക്കുന്നതിലേക്കു ഗവമ്മേണ്ടിൽ നിന്നും ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാം;

(സി) അവർ ഇതു വരെ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) ഉവ്വു്.

(ബി) ക. ചീഫ് ഇഞ്ചിനീയർ.
ഖ. ദിവാൻപേഷ്കാർ.
ഗ. മ. രാ. രാ. ഐ. രാമൻമേനോൻ അവർകൾ.
ഘ. മ. രാ. രാ. ടി. പി. പൌലോസ്സു് അവർകൾ.

(സി) അവർ ഇതിനെപ്പറ്റി ആലോചിച്ചു നാട്ടുകാരുടെ അഭിപ്രായങ്ങൾ അറിഞ്ഞതിനുശേഷം ഒരു റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

മിസ്റ്റർ പി. മാണി: ഈ കമ്മറ്റി നിശ്ചയിക്കുന്നതിനു മുമ്പായിട്ടു് ഗവമ്മെണ്ടു് ഇതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഉവ്വു്.

മിസ്റ്റർ പി. മാണി: അന്നു വല്ല സർവ്വെയോ മറ്റൊ നടത്തിയിട്ടുണ്ടോ?

മിസ്റ്റർ വി കെ. അരവിന്ദാക്ഷമേനോൻ: ഉവ്വു്.

മിസ്റ്റർ പി. മാണി: ഇതു് ആവശ്യമാണെന്നു ഗവമ്മെണ്ടിനു തോന്നിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇതു് ഉപയോഗമുള്ള ഒരു കനാലാകുമെന്നാണ് ഗവമ്മെണ്ടു വിചാരിക്കുന്നതു്. കൂടാതെ പല അഭിപ്രായങ്ങളും വേറെ തരത്തിലും ഉണ്ടായിരുന്നു. കമ്മിറ്റിയുടെ ഫൈനൽ അറേഞ്ചുമെൻറു കമ്മിറ്റി തീരുമാനിച്ചു ഒരു റിപ്പോർട്ടുണ്ടാക്കി അയക്കും. ആ റിപ്പോർട്ട കണ്ടുവേണം തീർച്ചയാക്കുവാൻ.

മിസ്റ്റർ പി. നാരായണമേനോൻ: ഇതും പോസ്റ്റവാറിൽ പെടുത്താനാണോ ഉദ്ദേശം?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതേ, പോസ്റ്റവാറിൽ ചേർക്കാനാണ്.

മിസ്റ്റർ പി. ശങ്കരമേനോൻ: ഈ പദ്ധതിയുടെ ഉദ്ദേശം എന്താണ്?

Mr. V. K. Aravindaksha Menon *(Chief Engineer):* There is an area called Thottrapuncha. It is about 607 acres in extent. At present this area is cultivated in the dry seasion, in the Puncha Season. This is subject to floods from the Pazhoor river and it is impossible to cultivate this area during the Viruppu and Mundakan seasons, on account of the flooded nature of the land. But a mile to the south-west of this area are the backwaters and so the present scheme is to construct a bund at a place and in such a manner that the waters of the Pazhoor river does not flood this area, at the same time to take away the store waters from this area by means of a canal to the backwaters. It is hoped that by doing these works it will be possible to convert these lands into Viruppu Mundakan and Puncha lands. The ryots say that the Puncha

LIBRARY ARCHIVES Kerala Legislative Assembly